(സി) അപ്പർ പ്രൈമറി സ്കൂളുകൾ എത്ര;

(ഡി) ലോവർ പ്രൈമറി സ്കൂളുകൾ എത്ര?

(ഇ) ഇവയിൽ ക്രിസ്തുമത വിഭാഗത്തിന്റെ മാനേജ്മെന്റിലുള്ള സ്കൂളുകൾ എത്ര:

(എഫ്) എൻ.എസ്.എസ്. വിഭാഗത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകൾ എത്ര?

(ജി) എസ്. എൻ. ഡി.പി. വിഭാഗത്തിന്റെ നിയന്ത്രണത്തിലുള്ളത് എത്ര:

ഉത്തരം

(എ)	12,103
(ബി)	2393
(സി)	2879
(ഡി)	6831
(ഇ)	1490
(എഫ്)	110
(ജി)	22

സംസ്ഥാനത്തെ വിദ്യാലയങ്ങൾ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ

147 [160] ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഗവ: സ്കൂളുകൾ എത്ര? അതിൽ ഹൈസ്കൂളുകൾ എത്ര? യു.പി., എൽ.പി. സ്കൂളുകൾ എത്ര വീതം?

(ബി) എയിഡഡ് സ്കൂളുകൾ എത്ര? അംഗീകൃത വിദ്യാലയങ്ങൾ എത്ര?

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര അംഗീകൃത സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്.

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര സ്കൂളുകൾ അടച്ചുപൂട്ടിയിട്ടുണ്ട്?

(എഫ്) സംസ്ഥാനത്താകെ ഇക്കൊല്ലം എത്ര വിദ്യാർത്ഥികൾ ഉണ്ട്? കോളേജുകളിൽ എത്ര? ഹൈസ്കൂളിൽ എത്ര? യു.പി., എൽ.പി. വിഭാഗങ്ങളിൽ എത്ര വീതം?

(ജി) നമ്മുടെ സംസ്ഥാനത്ത് ഈ വർഷം കോളേജ് അദ്ധ്യാപകർ ഉൾപ്പെടെ എത്ര അദ്ധ്യാപകർ ഉണ്ടെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) 1985.86 അദ്ധ്യായനവർഷത്തെ കണക്കനുസരിച്ച് സംസ്ഥാനത്ത് 4490 സർക്കാർ സ്കൂളുകൾ ഉണ്ട്. അതിൽ ഹൈസ്കൂൾ 931, യു.പി.എസ്. 916, എൽ.പി.എസ്. 2621 ട്രെയിനിംഗ് സ്കൂൾ 30. ആകെ 4498.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1985-86 ൽ സംസ്ഥാനത്ത് 7429 എയിഡഡ് സ്കൂളുകളും 245 അംഗീകൃത വിദ്യാലയങ്ങളും ഉണ്ടായിരുന്നു.

(സി) 30.4.1982 ൽ ഗവർണറുടെ ഭരണകാലത്തു നോട്ടിഫൈ ചെയ്ത 153 അംഗീകൃത സ്കൂളുകളുടെ ലിസ്റ്റിൽനിന്നും അനുവദിച്ച സ്കൂളുകളും ഉൾപ്പെടെ 288 അംഗീകൃത സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്.

(ഡി, എഫ്, ജി) വിവരം ശേഖരിച്ചുവരുന്നു.

വിദ്യാർത്ഥികൾക്കാവശ്യമുള്ള നോട്ടുപുസ്തകങ്ങൾ

148 [161] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയനവർഷം വിദ്യാർത്ഥികൾക്കാവശ്യമുള്ള നോട്ടുപുസ്തകങ്ങൾ വിദ്യാലയങ്ങളിൽനിന്നും വിതരണം ചെയ്തിട്ടുണ്ടോ?

(ബി) ഇല്ലെങ്കിൽ ഇതിന്റെ കാരണം എന്താണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പ്രീഡിഗ്രി വിദ്യാഭ്യാസം ഹൈസ്കൂൾ തലത്തിലേക്ക് മാറുന്നതിനെ തുടർന്ന് തൊഴിലില്ലാതാകുന്നവർ

149 [162] ശ്രീ.വി.ജെ.തങ്കപ്പൻ:

,, എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ന് കോളേജ് തലത്തിൽ നടക്കുന്ന പ്രീ ഡിഗ്രി വിദ്യാഭ്യാസം ഹൈസ്കൂൾ തലത്തിലേക്ക് മാറിയാൽ കോളേജ് തലത്തിൽ തൊഴിലില്ലാതാകുന്ന അദ്ധ്യാപകരുടെയും മറ്റുജീവനക്കാരുടെയും എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അദ്ധ്യാപകരുടെ എണ്ണം എത്ര? മറ്റു ജീവനക്കാരുടെ എണ്ണം എത്ര?

(സി) അങ്ങനെ ജോലി നഷ്ടപ്പെടുന്നവരെ എവിടെ, എങ്ങനെ, നിലനിർത്താമെന്നാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ,ബി,സി) പ്രീഡിഗ്രി വിദ്യാഭ്യാസം ഹൈസ്കൂൾ തലത്തിലേക്ക് മാറ്റുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly